# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 30.04.2025**

## പ്രധാന വാർത്തകൾ

**TIME : 12.50 PM**

1) പഹൽഗാം ഭീകരാക്രമണത്തിന് ശേഷമുള്ള ആദ്യ കേന്ദ്ര മന്ത്രിസഭാ യോഗം പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ പുരോഗമിക്കുന്നു. സുരക്ഷാകാര്യ മന്ത്രിസഭാ സമിതിയും ഇന്ന് യോഗം ചേർന്നേക്കും.

   Union Cabinet meeting chaired by Prime Minister Narendra Modi is underway in Delhi. The meeting of the Cabinet Committee on Security is also likely today.

2) ജമ്മു കശ്മീരിലെ നിയന്ത്രണ രേഖയിൽ പാകിസ്ഥാൻ സേന വെടിവയ്പ്പ് തുടരുന്നു. ശക്തമായ തിരിച്ചടി നൽകി ഇന്ത്യ.

   The Indian Army effectively responded to firing by Pakistan military along Line of Control in Jammu and Kashmir last night.

3) ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ് എന്ന ആശയം കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് കേന്ദ്ര
മന്ത്രി ധർമ്മേന്ദ്ര പ്രധാൻ

   Union Education Minister Dharmendra Pradhan said that One Nation, One Election is the need of the hour while flagging off a Run for One Nation, One Election at Delhi University today.

4) വേവ്സ് 2025 ഉച്ചകോടിയ്ക്ക് നാളെ മുംബൈയിൽ തുടക്കം.

   The first World Audio Visual Entertainment Summit (WAVES) 2025 will begin tomorrow at Jio World Convention Centre in Mumbai.

5) ഐെസിഎസ്ഇ, ഐെഎസ്ഇ പരീക്ഷാഫലങ്ങൾ പ്രഖ്യാപിച്ചു. വിജയശതമാനം 99 ന് മുകളിൽ

ICSE, ISE exam results declared. More than 99% students pass.

6) ഐെപിഎൽ ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ്, പഞ്ചാബ് കിംഗ്സിനെ നേരിടും

In IPL T20 Cricket, Chennai Super Kings will lock horns with Punjab Kings today.

********************

## PM-MEETING

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ കേന്ദ്രമന്ത്രിസഭായോഗം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. പഹൽഗാം ഭീകരാക്രമണത്തിന് ശേഷമുള്ള ആദ്യ മന്ത്രിസഭാ യോഗമാണിത്. സുരക്ഷാകാര്യ മന്ത്രിസഭാ സമിതി യോഗവും പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ ഇന്ന് ന്യൂഡൽഹിയിൽ ചേർന്നേക്കും. പഹൽഗാം ആക്രമണത്തിന് ശേഷം ഇത് രണ്ടാം തവണയാണ് സമിതി യോഗം ചേരുന്നത്. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങ് പങ്കെടുത്ത ഉന്നതതല യോഗവും പ്രധാനമന്ത്രിയുടെ വസതിയിൽ ഇന്നലെ ചേർന്നിരുന്നു. പഹൽഗാം ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ ചേർന്ന യോഗത്തിൽ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ , സംയുക്ത സൈനിക മേധാവി ജനറൽ അനിൽ ചൗഹാൻ എന്നിവർക്കു പുറമേ മൂന്ന് സേനാ മേധാവികളും പങ്കെടുത്തു.

********************

## JAISHANKAR- UN SG

പഹൽഗാം ഭീകരാക്രമണത്തെ ശക്തമായി അപലപിച്ച ഐക്യരാഷ്ട്രസഭാ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസിൻറെ നടപടിയെ സ്വാഗതം ചെയ്ത് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ. യുഎൻ സെക്രട്ടറി ജനറലുമായുള്ള ടെലഫോൺ സംഭാഷണത്തിലാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. ആക്രമണം നടത്തിയവരെയും, പിന്നിൽ പ്രവർത്തിച്ചവരെയും ഇന്ത്യ നിമയത്തിന് മുന്നിൽ കൊണ്ടുവരുമെന്നും ശ്രീ ജയശങ്കർ വ്യക്തമാക്കി.

********************

## REV. LOC-FIRING-

ജമ്മു കശ്മീരിലെ നിയന്ത്രണ രേഖയിൽ ഇന്നലെ രാത്രി പാകിസ്ഥാൻ സൈന്യം നടത്തിയ വെടിവയ്പ്പിന് ശക്തമായ തിരിച്ചടി നൽകി ഇന്ത്യ. നൗഷേര, സുന്ദർബാനി, അഖ്നൂർ മേഖലകളിലെ പാക് സൈനിക

പോസ്റ്റുകളിൽ നിന്നും പ്രകോപനമില്ലാതെ വെടിയുതിർത്തതായി പ്രതിരോധ വൃത്തങ്ങൾ അറിയിച്ചു. ബാരാമുള്ള, കുപ്വാര ജില്ലകളിലും, പർഗ്വാൾ സെക്ടറിലെ അന്താരാഷ്ട്ര അതിർത്തിയിലും ഇന്ത്യൻ സൈനിക പോസ്റ്റുകൾക്ക് നേരെ പാകിസ്ഥാൻ വെടിയുതിർത്തതായാണ് റിപ്പോർട്ട്.

*******************

## PRADHAN-GUPTA FLAG OFF (INTRO)

ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ് എന്ന ആശയം കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ. വികസിത ഭാരതം എന്ന ദർശനം കൈവരിക്കുന്നതിനും ഇന്ത്യയെ വൻ സാമ്പത്തിക ശക്തിയാക്കി മാറ്റുന്നതിനും ദേശീയ, സംസ്ഥാന തലങ്ങളിൽ രാഷ്ട്രീയ സ്ഥിരത അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു. ഡൽഹി സർവകലാശാലയിൽ ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ് പരിപാടി ഫ്ലാഗ് ഓഫ് ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി.

(ഹോൾഡ്)

*******************

## ICSE

ICSE, ISC 10 ,12 ക്ലാസ്സ് പരീക്ഷാ ഫലം പ്രഖ്യാപിച്ചു. 99 .09 ആണ് ICSE വിജയ ശതമാനം. ISC പരീക്ഷയിൽ 99 .02 ശതമാനം പേരാണ് വിജയിച്ചത്. പെൺകുട്ടികളാണ് പരീക്ഷയിൽ താരതമ്യേന മികച്ച പ്രകടനം കാഴ്ച വച്ചത്. ICSE യിൽ 2,52,557 വിദ്യാർത്ഥികളും, ISC യിൽ 99,551 പേരും പരീക്ഷ എഴുതി.

*******************

## Justice Gavai

സുപ്രീം കോടതിയുടെ 52 മത് ചീഫ് ജസ്റ്റിസായി, ജസ്റ്റിസ് ബി.ആർ ഗവായിയെ രാഷ്ട്രപതി ദ്രൗപദി മുർമു നിയമിച്ചു. അടുത്ത മാസം 14 മുതൽ നിയമനം പ്രാബല്യത്തിൽ വരും. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന അടുത്ത മാസം 13-ന് വിരമിക്കുന്ന സാഹചര്യത്തിലാണ് നിയമനം.

*******************

## WAVES 2025

ലോകത്തെ ആദ്യ ദൃശ്യ ശ്രാവ്യ, വിനോദ ഉച്ചകോടി വേവ്സ് 2025 ന് നാളെ മുംബൈയിൽ തുടക്കം. ജിയോ വേൾഡ് കൺവെൻഷൻ സെൻററിൽ നടക്കുന്ന നാല് ദിവസത്തെ ഉച്ചകോടി വിനോദ വ്യവസായ മേഖലയുമായി

ബന്ധപ്പെട്ട സുപ്രധാന ചർച്ചകൾക്ക് സാക്ഷ്യം വഹിക്കും. മാധ്യമ , വിനോദ രംഗങ്ങളിലെ ആഗോള പ്രമുഖർ ഉച്ചകോടിയിൽ പങ്കെടുക്കും.അമിതാഭ് ബച്ചൻ, രജനീകാന്ത്, ചിരഞ്ജീവി, മോഹൻലാൽ, ഷാരുഖ് ഖാൻ തുടങ്ങി പ്രമുഖ ചലച്ചിത്ര താരങ്ങളും ഉച്ചകോടിയുടെ ഭാഗമാവും. 100 രാജ്യങ്ങളിൽ നിന്നായി 5,000 ത്തോളം പ്രതിനിധികളാണ് വേവ്സ് 2025 ൽ പങ്കെടുക്കുന്നത്. മീഡിയ ഡയലോഗ്, വിപണന കൂടിക്കാഴ്ചകൾ എന്നിവയ്ക്ക് പുറമേ വിനോദ മേഖലകളിലെ സ്റ്റാർട്ട് അപ്പുകളുടെ ആശയങ്ങൾ ലോകത്തിന് മുന്നിൽ പങ്കുവയ്ക്കാനും ഉച്ചകോടി അവസരമൊരുക്കും.

********************

## CHAR DHAM YATRA

അതിപ്രശസ്തമായ ചാർ ധാം തീർത്ഥാടനത്തിന് ഉത്തരാഖണ്ഡിൽ ഇന്ന് തുടക്കമായി. അക്ഷയ തൃതീയ ദിനമായ ഇന്ന് ഉത്തരകാശിയിലെ ഗംഗോത്രി, യമുനോത്രി ക്ഷേത്രങ്ങളുടെ വാതിലുകൾ തുറന്നതോടെയാണ് തീർത്ഥാടനം ആരംഭിച്ചത്. തീർഥാടകരുടെ സുരക്ഷയ്ക്കായി, വിപുലമായ ഒരുക്കങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമി ഉൾപ്പെടെ ഇന്ന് ദർശനത്തിന് എത്തിയിരുന്നു. ചാർ ധാമിൻറെ ഭാഗമായ, കേദാർനാഥ് ധാമിന്റെ കവാടം വെള്ളിയാഴ്ചയും , ബദരീനാഥ് ധാമിന്റെ കവാടം ഞായറാഴ്ചയുമാണ് തുറക്കുക. ദശലക്ഷക്കണക്കിന് ഭക്തരാണ് വർഷം തോറും ചാർധാം തീർത്ഥാടനത്തിനായി എത്തിച്ചേരാറുള്ളത്.

********************

## Vizhinjam (INTRO)

കേരളത്തിന്റെ അഭിമാനമായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രധാനമന്ത്രി നരേന്ദ്ര മോദി മറ്റന്നാൾ നാടിന് സമർപ്പിക്കും. രാവിലെ 11 ന് വിഴിഞ്ഞം തുറമുഖത്ത് നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷ നേതാവ്, മന്ത്രിമാർ എംപിമാർ എം എൽ എ മാർ തുടങ്ങി നിരവധി പേർ പങ്കെടുക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.

(വോയ്സ്)

********************

## Sunny Thomas

ദ്രോണാചാര്യപുരസ്കാര ജേതാവായ ഷൂട്ടിംഗ് പരിശീലകൻ പ്രൊഫ. സണ്ണി തോമസ് അന്തരിച്ചു. 85 വയസ്സായിരുന്നു. ഹൃദയാഘാതത്തെ തുടർന്ന്

ഇന്ന് പുലർച്ചെയായിരുന്നു അന്ത്യം. കോട്ടയം ജില്ലയിലെ ഉഴവൂർ സ്വദേശിയാണ്. ഒളിംബിക്സ് ജേതാവ് അഭിനവ് ബിന്ദ്രയുടെ പരിശീലകനായിരുന്നു. റൈഫിൾ ഓപ്പൺ സൈറ്റ് ഇവന്റിൽ കേരളത്തിൽ നിന്നുള്ള മുൻ ഇന്ത്യൻ ദേശീയ ഷൂട്ടിംഗ് ചാമ്പ്യനുമാണ് അദ്ദേഹം.

********************

## PM BASAVA JAYANTI

ബസവ ജയന്തി ദിനത്തിൽ, ജഗദ്ഗുരു ബസവേശ്വരന്റെ അഗാധ ജ്ഞാനത്തെ അനുസ്മരിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി . അദ്ദേഹത്തിന്റെ സാമൂഹ്യ ദർശനവും പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഉന്നമനത്തിനായുള്ള അക്ഷീണ പരിശ്രമവും ജനങ്ങളെ പ്രചോദിപ്പിക്കുന്നതായി ശ്രീ മോദി സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

********************

## Akshaya Tritiya Significance

അക്ഷയ ത്രിതീയ ദിനത്തിൽ ജനങ്ങൾക്ക് ആശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ജനജീവിതത്തിൽ വിജയവും സമൃദ്ധിയും സന്തോഷവും പ്രദാനം ചെയ്യാൻ ഈ ദിനത്തിന് സാധിക്കട്ടേയെന്ന് പ്രധാനമന്ത്രി ആശംസാ സന്ദേശത്തിൽ പറഞ്ഞു. മഹാരാഷ്ട്രയിൽ അക്ഷയ തൃതീയ ദിനം, പരമ്പരാഗത വിവാഹങ്ങളുടെ എണ്ണം കൂടുതലുള്ള ദിവസമായതിനാൽ, ശൈശവവിവാഹങ്ങൾ തടയാൻ ശക്തമായ നടപടികളാണ് അധികൃതർ സ്വീകരിച്ചിരിക്കുന്നത്.

********************

## IPL

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ്, പഞ്ചാബ് കിംഗ്സിനെ നേരിടും. രാത്രി 7.30 ന് ചെന്നൈ ചിദംബരം സ്റ്റേഡിയത്തിലാണ് മത്സരം. നിലവിൽ പോയിൻറ് പട്ടികയിൽ പഞ്ചാബ് അഞ്ചാം സ്ഥാനത്തും ചെന്നൈ പത്താം സ്ഥാനത്തുമാണ്.

********************

## KPL

കേരള പ്രിമിയർ ലീഗ് ഫുട്ബോളിൽ ഇന്ന് കോഴിക്കോട് നടക്കുന്ന മത്സരത്തിൽ കെഎസ്ഇബിയും ഗോകുലം കേരളയും ഏറ്റുമുട്ടും. ഇന്നലെ നടന്ന മത്സരത്തിൽ കേരള പൊലീസ്, ഇൻറർ കേരള എഫ്സിയെ തോൽപിച്ചു.

********************

## SENSEX-GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം.

സെൻസെക്സ് 82 പോയിന്റ് ഉയർന്നു 80,370 ലും, നിഫ്റ്റി 14 പോയിന്റ് വർദ്ധിച്ച് 24350 ലും വ്യാപാരം പുരോഗമിക്കുന്നു .

സ്വർണവില കുറഞ്ഞു . പവന് 40 രൂപ കുറഞ്ഞ് 71,800 രൂപയും, ഗ്രാമിന് 8,980 .രൂപയുമാണ് ഇന്നത്തെ വില.

********************

## KOLKATA - HOTEL FIRE

കൊൽക്കത്തയിലെ ഫാൽപ്പട്ടി മച്ചുവക്കു സമീപം ഒരു ഹോട്ടലിൽ ഇന്നലെ രാത്രി ഉണ്ടായ തീപിടുത്തത്തിൽ 15 പേർ മരിച്ചു. നിരവധി പേരെ രക്ഷപെടുത്തി. തീപിടുത്തത്തിൻറെ കാരണം അന്വേഷിച്ച് വരികയാണ്. രാഷ്ട്രപതിയും പ്രധാനമന്ത്രിയും ഉൾപ്പെടെയുള്ള പ്രമുഖർ സംഭവത്തിൽ അനുശോചനം രേഖപ്പെടുത്തി. മരിച്ചവരുടെ കുടുംബങ്ങൾക്ക് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 2 ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും ധനസഹായം പ്രഖ്യാപിച്ചു.

********************

## PM-PREZ-ANDHRA WALL COLLAPSE

ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്തിനടുത്തുള്ള സിംഹാചലം ക്ഷേത്രത്തിൻറെ മതിൽ ഇടിഞ്ഞുവീണ് ഏഴ് പേർ മരിച്ച സംഭവത്തിൽ ദുഖം രേഖപ്പെടുത്തി രാഷ്ട്രപതിയും പ്രധാനമന്ത്രിയും. മരിച്ചവരുടെ കുടുംബങ്ങൾക്ക് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 2 ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും ധനസഹായം പ്രഖ്യാപിച്ചു. ഇന്ന് പുലർച്ചെയാണ് സിംഹാചലം ക്ഷേത്രത്തിൽ ക്യൂ ലൈനിനോട് ചേർന്നുള്ള മതിൽ തകർന്ന് അപകടം ഉണ്ടായത്. അപകടത്തിൽ 15ഓളം പേർക്ക് പരിക്കേറ്റിട്ടുണ്ട്.

********************

## Jaisankar UAE

വിദേശകാര്യമന്ത്രി എസ് ജയശങ്കർ യുഎഇ ഉപപ്രധാനമന്ത്രിയും വിദേശകാര്യമന്ത്രിയുമായ ഷെയ്ഖ് അബ്ദുള്ള ബിൻ സായിദ് അൽ നഹ്യാനുമായി സംഭാഷണം നടത്തി. ഭീകരവാദത്തെ ഫലപ്രദമായി നേരിടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഇരു നേതാക്കളും ചർച്ച ചെയ്തു.

********************

## MEDIATION-CONFERENCE

മീഡിയേഷൻ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ സമ്മേളനം മെയ് 3ന് ന്യൂഡൽഹിയിൽ നടക്കും. നിയമ-നീതിന്യായ മന്ത്രാലയവുമായി സഹകരിച്ച് അറ്റോർണി ജനറലിന്റെ ഓഫീസാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകൾ പരിഹരിക്കുന്നതിന്, മധ്യസ്ഥ പ്രക്രിയകൾ പിന്തുടരാൻ വ്യവഹാരികളെ പ്രേരിപ്പിക്കുകയാണ് പരിപാടിയുടെ പ്രധാനലക്ഷ്യം.

********************

***************

******